"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ്-കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷനിൽ സർക്കാർ അനുമതി ഇല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

പിന്നാക്ക വിഭാഗ വികസന(ബി) വകുപ്പ്

സ.ഉ.(സാധാ) നം.45/2025/BCDD — തീയതി,തിരുവനന്തപുരം, 08-05-2025

---

പരാമർശം:-

1. സ.ഉ(പി)നം.81/2019/ധന. ഉത്തരവിലെ ഖണ്ഡിക 2 (3)
2. 18.06.2024-ലെ സ.ഉ.(സാധാ)നം.39/2024/പി.വി.വി.വ. നമ്പർ ഉത്തരവ്
3. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ രജിസ്ട്രാരുടെ 07.11.2024-ലെ 350/എ/2024/കെ.എസ്.സി.ബി.സി. നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ 1993-ൽ രൂപീകൃതമായെങ്കിലും കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്പെഷ്യൽ റൂൾ നാളിതുവരെ നിലവിൽ വന്നിട്ടില്ലെന്നും നിലവിൽ കമ്മീഷനിലെ തസ്തികകൾക്ക് വർഷംതോറും സർക്കാർ തുടർച്ചാനുമതി നൽകിവരികയാണ് ചെയ്തു വരുന്നതെന്നും 18 തസ്തികകൾക്ക് 01.04.2024 മുതൽ ഒരു വർഷത്തേയ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം സർക്കാർ തുടർച്ചാനുമതി നൽകിയിട്ടുണ്ടെന്നും നിലവിൽ പരാമർശം(1) ഉത്തരവിലെ ഖണ്ഡിക 2 (3) വ്യവസ്ഥയ്ക്ക് വിധേയമായി 90 ദിവസത്തിൽ കുറഞ്ഞ കാലാവധിക്ക് (89 ദിവസം) വകുപ്പ് അദ്ധ്യക്ഷന്റെ അനുമതിയോടു കൂടിയാണ് ടി ജീവനക്കാരെ ദിവസവേതനത്തിൽ നിയമിച്ചു വരുന്നതെന്നും പരിചയ സമ്പന്നരായ ദിവസവേതനക്കാർക്ക് പകരം പുതിയ ദിവസവേതനക്കാരെ 89 ദിവസങ്ങൾ കഴിഞ്ഞ് നിയമിക്കുന്നത് കമ്മീഷന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കും എന്നതിനാലാണ് 519-ാമത് സിറ്റിംഗിൽ കമ്മീഷൻ തീരുമാനമെടുത്തതെന്നും കമ്മീഷൻ അപ്രകാരം തീരുമാനിച്ച തിന്റെ അടിസ്ഥാനത്തിൽ നിലവിൽ ദിവസവേതനക്കാരെ ഓരോ 89 ദിവസം കഴിഞ്ഞ് ഒരു ദിവസത്തെ നിർബന്ധിത സർവ്വീസ് ബ്രേക്ക് നൽകി വകുപ്പ് അദ്ധ്യക്ഷന്റെ അനുമതിയോടെ നിയമിച്ചു വരുന്നതായും നിലവിൽ സ്ഥിരം തസ്തികകൾ രൂപീകരിക്കപ്പെടാത്ത സാഹചര്യം ഉള്ളതിനാലാണ് കമ്മീഷന്റെ പ്രവർത്തനം

സുഗമമായും കാര്യക്ഷമമായും നടത്തികൊണ്ട് പോകുന്നതിന് പരിചയസമ്പന്നരായ നിലവിലുള്ള ദിവസവേതന ജീവനക്കാർക്ക് തുടർ നിയമനം നൽകാൻ കമ്മീഷൻ നിർബന്ധിതമായിട്ടുള്ളത് എന്നും ഈ സാഹചര്യത്തിൽ ടി ദിവസവേതനക്കാരുടെ നാളിതുവരെയുള്ള ദിവസവേതന നിയമനം സാധൂകരിക്കുന്നതിനും ടി ജീവനക്കാരെ കരാർ വ്യവസ്ഥയിൽ നിയമിക്കണമെന്ന **30.01.2024**-ലെ **555**-ാമത് കമ്മീഷൻ സിറ്റിംഗിലെ തീരുമാനത്തിൽ തുടർനടപടി സ്വീകരിക്കണമെന്നും പരാമർശം(3) പ്രകാരം പിന്നാക്ക വിഭാഗ കമ്മിഷൻ രജിസ്ടാർ അഭ്യർത്ഥിക്കുകയുണ്ടായി.

**2**.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷനിൽ സർക്കാർ അനുമതി ഇല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച നടപടിയ്ക്ക് സാധൂകരണംനൽകി ഉത്തരവാകുന്നു. ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ കരാർ വ്യവസ്ഥയിലേക്ക് മാറ്റുന്നതിനുള്ള ശിപാർശ പരിഗണനാർഹമല്ലെന്നുള്ള വിവരം അറിയിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ, കനക നഗർ, കവടിയാർ പി. ഒ., തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്),കേരള, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Navasukutty K
Date: 12-05-2025 12:21:56
സെക്ഷൻ ഓഫീസർ